## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2027

19.06.2012- ലെ മറുപടിക്ക്

### സഹകരണ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സഹകരണ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സഹകരണ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ തുടങ്ങിയ ചില ലൈബ്രറികൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) സംസ്ഥാനത്ത് എത്ര അപ്പെക്സ്, കേന്ദ്ര, പ്രൈമറി സംഘങ്ങളിലാണ് ലൈബ്രറികൾ തുടങ്ങിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള വിവരം നൽകാമോ; | ബി) സംസ്ഥാനത്ത് തുടങ്ങിയിട്ടുള്ള സഹകരണ ലൈബ്രറികളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | അപ്പക്സ് സംഘങ്ങളിൽ ഉള്ളവ | കേന്ദ്ര സംഘങ്ങളിൽ ഉള്ളവ | പ്രൈമറി സംഘങ്ങളിൽ ഉള്ളവ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 1 | 1 | 65 | 67 |
| കൊല്ലം | - | 1 | 120 | 121 |
| പത്തനംതിട്ട | - | 1 | 128 | 129 |
| കോട്ടയം | - | 1 | 122 | 123 |
| ഇടുക്കി | - | 1 | 86 | 87 |

| | | | | |
|---|---|---|---|---|
| ആലപ്പുഴ | - | 1 | 147 | 148 |
| എറണാകുളം | 3 | 1 | 187 | 191 |
| തൃശ്ശൂർ | - | 1 | 165 | 166 |
| പാലക്കാട് | - | 1 | 97 | 98 |
| മലപ്പുറം | - | 1 | 159 | 160 |
| കോഴിക്കോട് | - | 1 | 111 | 112 |
| വയനാട് | - | 1 | 26 | 27 |
| കണ്ണൂർ | - | 1 | 651 | 652 |
| കാസർഗോഡ് | - | 1 | 139 | 140 |
| ആകെ | 4 | 14 | 2203 | 2221 |

സി) സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കരുത്തു പകർന്ന പനമ്പിള്ളി ഗോവിന്ദ മേനോന്റെ ജീവചരിത്രഗ്രന്ഥം സംസ്ഥാനത്തെ സഹകരണലൈബ്രറികളിൽ വാങ്ങണമെന്ന നിർദ്ദേശിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടും ജില്ലാതല-താലൂക്കുതല ഉദ്യോഗസ്ഥന്മാർ ഇതിന്മേൽ നടപടി സ്വീകരിക്കാത്തതിനെക്കുറിച്ചന്വേഷിക്കാമോ;
അടിയന്തിരമായി പനമ്പിള്ളിയുടെ ജീവചരിത്രഗ്രന്ഥം സഹകരണലൈബ്രറികളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സി) ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ "ചരിത്ര വഴിയിലെ ദീപശിഖ" എന്ന ഗ്രന്ഥം എല്ലാ സഹകരണ ലൈബ്രറികളിലും വാങ്ങി സൂക്ഷിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 2/2012 നമ്പർ സർക്കുലർ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ നൽകിയിരുന്നു. ആയതനുസരിച്ചുള്ള നടപടികൾ ജില്ലാ തല താലൂക്ക്തല ഉദ്യോഗസ്ഥൻമാർ സ്വീകരിച്ചു വരികയാണ്. ടി സർക്കുലർ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ